പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2017 26.03.2013 ൽ മറുപടിക്ക്

## എൽ. എൻ. ജി. പ്ലാന്റുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പ മന്ത്രി) |
| (എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ഡീസൽ വൈദ്യുതി പ്ലാന്റുകളാണ് നിലവിലുള്ളതെന്നറിയിക്കുമോ; | (എ) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ കീഴിൽ ബ്രഹ്മപുരത്തും, കോഴിക്കോട്ടും ഓരോ ഡീസൽ/എൽ.എസ്സ്.എച്ച്.എസ്സ്. വൈദ്യുത നിലയങ്ങൾ നിലവിലുണ്ട്. |
| (ബി) പ്രസ്തുത പ്ലാന്റുകളിൽ ഏതെങ്കിലും എൽ.എൻ.ജി. പ്ലാന്റാക്കി മാറ്റുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ ; | (ബി) ടി നിലയങ്ങളിൽ കോഴിക്കോട് താപവൈദ്യുത നിലയം അനുയോജ്യമായ മറ്റ് ഇന്ധനമുപയോഗിച്ച് ഉല്പാദനം നടത്തുവാൻ വേണ്ട പ്രാരംഭ ചർച്ചകൾ നടന്നു വരുന്നു. എൽ.എസ്സ്. എച്ച്.എസ്സ്./ ഡീസൽ വിലവർദ്ധനമൂലം ഉൽപാദന ചെലവ് വളരെയധികം വർദ്ധിച്ചതിനാലാണ് മറ്റ് ഇന്ധനമുപയോഗിച്ച് പ്ലാന്റ് കൂടുതൽ ആദായകരമായി പ്രവർത്തിപ്പിക്കുവാനുള്ള സാധ്യത ആരായുന്നത്. |
| (സി) പുതുതായി എൽ.എൻ.ജി. പ്ലാന്റുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) ഉണ്ട്. ബ്രഹ്മപുരത്ത് ഇപ്പോൾ നിലവിലുള്ള ഡീസൽ നിലയത്തിനു സമീപമുള്ള സ്ഥലത്ത് ഒരു എൽ.എൻ.ജി. പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള സാധ്യതാപഠനം നടന്നുകൊണ്ടിരിക്കുന്നു. |

സെക്ഷൻ ഓഫീസർ